(സി) മടിക്കൈ കുമാരൻ, 2. വി. ബാലകൃഷ്ണഷെട്ടി, 3. വിനോദ് കുമ്പള, 4. രവീന്ദ്രൻ, ബി.ജെ.പി., 5. പത്മനാഭൻ, 6. സുരേന്ദ്രൻ, 7. ശങ്കര ആൽവ, കുമ്പള, 8. യു. കെ. സജീവൻ.

(ഡി) പിൻവലിച്ചിട്ടുണ്ട്.

(ഇ) വി. ബാലകൃഷ്ണ ഷെട്ടി എന്നയാളുടെ അപേക്ഷ പ്രകാരം.

പേരാമ്പ്രയിൽ ആർ.എസ്.എസ്., വി.എച്ച്.പി. പ്രവർത്തകർ കടകൾ അടപ്പിച്ച് സംഘർഷം ഉണ്ടാക്കിയ സംഭവം

61 (4496) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 ജൂൺ 28, 29 തീയതികളിൽ പേരാമ്പ്രയിൽ ആർ.എസ്.എസ്., വിശ്വ ഹിന്ദു പരിഷത്ത് എന്നീ സംഘടനകളിൽപ്പെട്ടവർ ബലമായി കടകൾ അടപ്പിക്കുകയും കച്ചവടക്കാരുടെ വസ്തുവകകൾ നഷ്ടപ്പെടുത്തുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധമായി എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) എത്ര പേർക്കെതിരെ കേസ് എടുത്തെന്നും അവരുടെ പേരും അവർ ഏത് പാർട്ടിയിൽപ്പെട്ടവരാണെന്നും വ്യക്തമാക്കാമോ ;

(ഡി) ഇവർക്കെതിരെ ഏത് വകുപ്പുകൾ അനുസരിച്ചാണ് കേസ് ചാർജ് ചെയ്തത് എന്ന് വ്യക്തമാക്കാമോ ;

(ഇ) കച്ചവടസ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കാൻ പോലീസ് വേണ്ട വിധത്തിൽ സംരക്ഷണം നൽകിയിട്ടില്ലായെന്ന കച്ചവടക്കാരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പേരാമ്പ്ര പി.എസ്.-ൽ ക്രൈം 235/03, 236/03 നമ്പരായി രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പേരാമ്പ്ര പി.എസ്. ക്രൈം 235/03-ൽ 19 പേർക്കെതിരെയും കണ്ടാലറിയാവുന്ന അൻപതോളം പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. അവരിൽ 15 പേർ ആർ.എസ്.എസ്./ബി.ജെ.പി. പ്രവർത്തകരാണ്. പേരുവിവരം താഴെ കൊടുക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1. സേതുമാധവൻ, S/o കുഞ്ഞിക്കണ്ണൻ, ചേന്നോളി
2. ബാലകൃഷ്ണൻ, S/o തങ്കപ്പൻ , മേത്തളം, പേരാമ്പ്ര
3. സുനോജൻ, S/o കേളപ്പൻ പേരാമ്പ്ര
4. രാജേഷ്, S/o കുഞ്ഞിക്കണ്ണൻ, പൈക്കാത്ത്
5. ജിജേഷ്, S/o ദാമോദരൻ നമയോത്ത്, പേരാമ്പ്ര
6. സജിത്, S/o കുഞ്ഞിക്കണ്ണൻ, ചേന്നോളി, പേരാമ്പ്ര
7. ഷിജിത്ത് കുമാർ, S/o ബാലകൃഷ്ണൻ, പിലാക്കൽ, കൂത്താളി
8. മുരളീധരൻ, S/o ശ്രീധരൻ അയ്യപ്പൻ കാവിൽ, പാറാട്ട്പാറ
9. ഷാജി, S/o ബാലൻ, കുന്നുമ്മൽ മിത്തൽ, പാറാട്ട്പാറ
10. ദിലീഷ്, S/o ദാമോദരൻ, ഓരായോത്ത്, കാവ്യന്തറ
11. സുനീഷ്, S/o കുട്ടികൃഷ്ണൻ, ആതോപ്പള്ളി, കാവുംതറ
12. രാഗേഷ്, S/o പ്രഭാകരൻ വെത്തിലാട്ട്, കരുവണ്ണൂർ
13. ശശി, S/o ഗോപാലക്കുറുപ്പ്, കരവണ്ണൂർ
14. ലിജീഷ്, S/o ഗോപാലൻ കല്ലിക്കണ്ടി, കാവുംതറ
15. അജീഷ്, S/o നാരായണൻ നായർ, വാളൂർ

പേരാമ്പ്ര പി.എസ്. ക്രൈം 236/03-ൽ 10 പേർക്കെതിരെയും കണ്ടാലറിയാവുന്ന രണ്ട് പേർക്കതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 4 പേരെ അറസ്റ്റ് ചെയ്തു. അവരുടെ പേരുവിവരം താഴെ കൊടുക്കുന്നു. ഇവരും ബി.ജെ.പി./ആർ.എസ്.എസ്. പ്രവർത്തകരാണ് :

1. ശങ്കരൻ, S/o പാച്ചൻ, ചങ്ങരോത്ത്, കടിങ്ങാട്
2. സജീവൻ, S/o നാരായണൻ, ചങ്ങരോത്ത്, കടിങ്ങാട്
3. രാജീവൻ, S/o ആണ്ടി, കടിയങ്ങാട്
4. ബൈജു, S/o ബാലൻ, കല്ലുണ്ടൽ പാലേരി അംശം

(ഡി) 1. ക്രൈം 235/03, സെക്ഷൻ 143, 147, 148, 332, 324, 153 (എ) ആർ/ഡബ്ല്യു. 149 ഐ.പി.സി. ആന്റ് സെക്ഷൻ 3(1) ഓഫ് പി.ഡി.പി.പി. ആക്ട് 27(1) ഓഫ് ആംസ് ആക്ട് 1959 പ്രകാരവും 2. ക്രൈം 236/03 സെക്ഷൻ 143, 147, 148, 457, 379, 324, 427 ആന്റ് 153(എ) ആർ/ഡബ്ല്യു.34 ഐ.പി.സി. പ്രകാരവും.

(ഇ) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.